മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

വാർഡ്-8 നിടുവള്ളൂർ

ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

ഇരിക്കൂർ ബ്ലോക്ക്

കണ്ണൂർ ജില്ല .

തയ്യാറാക്കിയത് ,

ബിജു . സീ കെ

ബ്ലോക്ക് റിസോഴ്സ് പേഴ്സൺ ,ഇരിക്കൂർ .

ആമുഖം

2005 സപ്തംബർ **5** ന് നിലവിൽ വന്ന **ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം** അടിസ്ഥാനമാക്കിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭാരതത്തിലെ ഗ്രാമീണ മേഖലയിൽ നടപ്പിലാക്കി വരുന്നത്.ഗ്രാമീണ മേഘലയിലെ കുടുംബങ്ങൾക്ക് 100 ദിവസം അവിദഗ്ദ്ധ കായിക തൊഴിൽ ഉറപ്പു നൽകുകയും,അതിലൂടെ ഗ്രാമീണ ജനതയുടെ ഉന്നമനം, ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ അടിസ്ഥാന സൌകര്യ വികസനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീ ശാക്തീകരണം എന്നിവ ലക്ഷ്യം വെക്കുന്നു.

തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും 6 മാസ കാലയളവിനുള്ളിൽ നിർബന്ധമായും **സോഷ്യൽ ഓഡിറ്റ്** അഥവാ സാമൂഹ്യ പരിശോധന നടത്തണമെന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 17(2)-വകുപ്പിൽ നിഷ്കർഷിക്കുന്നു.പദ്ധതി നടത്തിപ്പിൽ സുതാര്യതയും സാമൂഹ്യ ഉത്തരവാദിത്തവും ഉറപ്പുവരുത്തി പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുകയാണ് ലക്ഷ്യം. നടപ്പിലാക്കിയ ഓരോ പ്രവൃത്തികളും സാമൂഹ്യ പങ്കാളിത്തത്തോടെ വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.തുടർന്ന് പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർത്ത് ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കുകയും റിപ്പോർട്ടിന്മേൽ ചർച്ചചെയ്ത് പദ്ധതി മെച്ചപ്പെടുത്തു ന്നതിന് ആവശ്യമായ തുടർനടപടികൾ നിർദ്ദേശിക്കുകയും നടപ്പിലാക്കു കയും ചെയ്യേണ്ടതുണ്ട്.

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡായ നിടുവള്ളൂരിൽ 2018-19 സാമ്പത്തീക വർഷത്തിലെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ പ്രവൃത്തികളും പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ഇടപെടലുകളുമാണ് സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയിട്ടു ള്ളത്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫീസിൽ നിന്നും പ്രവൃത്തി ഫയലുകളുടെ പരിശോധന, രജിസ്റ്റർ പരിശോധന, വാർഡിലെ വിവിധ സ്ഥലങ്ങളിലായി നടപ്പി ലാക്കിയ പ്രവൃത്തി സ്ഥലങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ, പദ്ധതി ഗുണഭോക്താക്കൾ, വാർഡിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരു മായുള്ള അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

വിവിധ ഘട്ടങ്ങളിലായി നടത്തിയ വിലയിരുത്തൽ പ്രക്രിയയിൽ പഞ്ചായത്ത് പ്രസിഡണ്ട് ,മെമ്പർമാർ നിർവഹണ ഉദ്യോഗസ്ഥർ ,മേറ്റ് മാർ ,തൊഴിലാളികൾ, പ്രദേശവാസികൾ എന്നിവരുടെ ഭാഗത്ത് നിന്നും നല്ലരീതിയിൽ സഹകരണം ലഭിക്കുകയുണ്ടായി.

ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ ഇരിക്കൂർ ബ്ലോക്കിലാണ് ഇരിക്കൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഇരിക്കൂർ വില്ലേജുപരിധിയിൽ ഉൾപ്പെടുന്ന ഇരിക്കൂർ ഗ്രാമപഞ്ചായത്തിനു 11.38 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുണ്ട്. ഈ പഞ്ചായത്തിന്റെ അതിരുകൾ തെക്കുഭാഗത്ത് ഇരിക്കൂർ പുഴയും, കിഴക്കുഭാഗത്ത് പടിയൂർ പഞ്ചായത്തും, വടക്കുഭാഗത്ത് ശ്രീകണ്ഠാപുരം പഞ്ചായത്തും, പടിഞ്ഞാറുഭാഗത്ത് മലപ്പട്ടം പഞ്ചായത്തുമാണ്. ചരിത്രത്താളുകളിൽ, പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ലയിൽ, ചിറക്കൽ താലൂക്കിൽ, ഇരിക്കൂർ എന്ന കൊച്ചുപട്ടണം ഉണ്ടായിരുന്നതായി കാണാൻ കഴിയും. പിൽക്കാലത്ത് അത് കേരളസംസ്ഥാനത്തിലെ കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിന്റെ അവിഭാജ്യഘടകമായി മാറി. ഒരു കാലത്ത് കോട്ടയം താലൂക്കിനെയും ചിറക്കൽ താലൂക്കിനെയും ഭൂമിശാസ്ത്രപരമായി വേർതിരിച്ചിരുന്നത് ഇന്നത്തെ ഇരിക്കൂർ പഞ്ചായത്തായിരുന്നു. വളപട്ടണം നദിയുടെ ഇരുകരയിലും താമസിക്കുന്നവർ എന്ന അർത്ഥത്തിൽ ഇരുകരക്കാർ എന്നും, പിന്നീട് ഇരുകര ഊരുകാർ എന്നും കാലക്രമേണ വായ്മൊഴിയുടെ താളലയത്തിനനുസരിച്ച് പ്രസ്തുത പ്രയോഗങ്ങൾ ലോപിച്ച് ഇരിക്കൂറായി മാറിയെന്നുമാണ് പറയപ്പെടുന്നത്. റോഡുകളെ ആശ്രയിച്ചുള്ള ഗതാഗതസൌകര്യങ്ങൾ മാത്രമാണ് പഞ്ചായത്തിലുള്ളത്. ഒരു സ്റ്റേറ്റ് ഹൈവേയും, പി.ഡബ്ല്യു.ഡി.റോഡുമൊഴികെ മറ്റെല്ലാം ഗ്രാമീണറോഡുകളാണ്. മലബാർ പ്രദേശത്തെ പ്രധാന വാണിജ്യ കേന്ദ്രമായിരുന്ന ഇരിക്കൂറിൽ നിന്നും കുരുമുളക്, ചുക്ക്, ഏലം മുതലായ സുഗന്ധവ്യഞ്ജനങ്ങൾ പണ്ടുകാലത്ത് കയറ്റി അയച്ചിരുന്നു. ഇരിക്കൂറിൽ നിന്ന് വെറും ഏഴു കിലോമീറ്റർ മാത്രം അകലെയാണ് ബൃഹത്തായ പഴശ്ശി പദ്ധതി.

ഓഡിറ്റ് കാലയളവിലെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ .**കെ .ടി.അനസ്** ആണ് ,സെക്രട്ടറി ശ്രീ.**രതീഷ് ജി.പി** യും അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.**ഗോപി** യുമാണ് ,തൊഴിലുറപ്പ് വിഭാഗത്തിലെ ഉദ്യോഗസ്ഥരായി ശ്രീമതി **മിനി** ഓവർസീയർ,ശ്രീമതി **പ്രിയ** ഡാററ എൻട്രി ഓപ്പറേറ്ററും ആണ്

നിടുവള്ളൂർ വാർഡ് ;

ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ തെക്കേ അറ്റത്തു ഇരിക്കൂർ പുഴയുടെ തീരങ്ങളിൽ ഉൾപ്പെടുന്ന പ്രദേശമാണ് നിടുവല്ലൂർ വാർഡിൽ ഉൾപ്പെടുന്നത്.വാർഡിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ടു അംഗൻവാടികൾ ,ഒരു വായനശാല ,ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം ,ഒരു ആയുർവേദ ഡിസ്പെൻസറി എന്നിവയാണ് പൊതു സ്ഥാപനങ്ങൾ എന്ന നിലയ്ക്കുള്ളത്.വാർഡിൽ നിടുവല്ലൂർ ഭാഗത്ത് ഒരു പൊതു കിണർ ഉണ്ട്. വാർഡിന്റെ ഭൂരിഭാഗവും കാർഷിക മേഖലയാണ്,റബ്ബർ,വാഴ,തെങ്ങ് എന്നിവയാണ് പ്രധാന വിളകൾ. വാർഡിൽ 9 കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

നിടുവല്ലൂർ വാർഡ് മെമ്പർ ശ്രീമതി **നസീമ** യാണ് .വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മറ്റി അംഗങ്ങൾ പൊതുപ്രവർത്തകനായ ശ്രീ **മനോഹരൻ**, നിടുവല്ലൂർ അങ്ങനവാടി വർക്കറായ ശ്രീമതി **ബിന്ദു** എന്നിവരാണ് .മേറ്റ് മാരായി **ബിന്ദു,ഗീത,സുജാത,ദേവകി** എന്നിവർ പ്രവർത്തിക്കുന്നു. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പ്രകാരം വാർഡിൽ **163** തൊഴിൽ കാർഡുകളാണ് ഉള്ളത് അതിൽ **176** തൊഴിലാളികൾ ഉൾപ്പെടുന്നു. നിലവിലെ വാർഡ് അതിർത്തി പ്രകാരം. വാർഡ് **7** ലെ കുറച്ച് തൊഴിൽ കാർഡ് ഉടമകൾ വാർഡ് **8** ലെ താമസക്കാരാണ്, അതുപോലെ വാർഡ് **8** ലെ തൊഴിൽ കാർഡ് ഉടമകൾ കുറേപേർ നിലവിലെ വാർഡ് **9** ലെ താമസക്കാരുമാണ്.

പദ്ധതിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് പദ്ധതി നടപ്പിലാക്കുന്ന സ്ഥലങ്ങൾ പ്രവൃത്തികളുടെ പേരുകളിൽ സൂചിപ്പിക്കണമെന്നു പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതികളുടെ പേരുകളിൽ പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളെയോ വാർഡിനെയോ സൂചിപ്പിക്കുന്നതായി കാണുന്നില്ല. അതുകൊണ്ട് തന്നെ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി MIS –ൽ വാർഡു തല പ്രവൃത്തികളുടെ ക്രോഡീകരണം സാധ്യമായില്ല. നിലവിൽ പരിശോധന നടത്തിയ പ്രവൃത്തികൾ ഓവർസീയർ എഴുതി നൽകിയ വാർഡിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അടിസ്ഥാനപ്പെടുത്തിയാണ്.



2018-19 ഒക്ടോബർ 1 മുതൽ മാർച്ച് 31-വരെ ഉള്ള കാലയളവിൽ 8-ാം വാർഡിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

LD - 249498 - BPL സ്ത്രീകുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ കട്ടക്കയ്യാല നിർമ്മാണം.

WC - 322740 - JLG ഗ്രൂപ്പുകൾക്ക് കൃഷി ഒരുക്കൽ

WC - 322741 - JLG ഗ്രൂപ്പുകൾക്ക് കൃഷി ഒരുക്കൽ.

WC - 318903 - JLG ഗ്രൂപ്പുകൾക്ക് കൃഷി ഒരുക്കൽ.

LD - ~~3298~~ 321857 - BPL കുടുംബങ്ങൾക്ക് വരമ്പ് നിർമ്മാണം.

DW - 322567 - കിണർ നിർമ്മാണം പൂർത്തിയായില്ല

MINI K.
ACCREDITED OVERSEER
MAHATHMA GANDHI NREGS
IRIKKUR GRAMA PANCHAYATH

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് നിയമപരമായി അനുശാസിക്കുന്ന പത്ത് അവകാശങ്ങൾ;

1. അപേക്ഷ നൽകി 15 ദിവസത്തിനകം സൌജന്യമായി തൊഴിൽ കാർഡ് ലഭിക്കുവാനുള്ള അവകാശം.
2. അപേക്ഷ നൽകി 15 ദിവസത്തിനകം തൊഴിൽ ലഭിക്കുവാനുള്ള അവകാശം.
3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.(ആദ്യ 30 ദിവസം കൂലിയുടെ ¼ ഭാഗം തുകയും ,തുടർന്നുള്ള ദിവസങ്ങളിൽ കൂലിയുടെ ½ ഭാഗം തുകയും)
4. ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കുന്നതിൽ പങ്കാളിയാകാനുള്ള അവകാശം.
5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം ,അല്ലെങ്കിൽ കൂലിയുടെ 10% യാത്രാ ചെലവിനുള്ള അവകാശം.
6. തൊഴിലിടങ്ങളിൽ കുടിവെള്ളം ,വിശ്രമ സമയത്ത് തണൽ സൗകര്യം,പ്രഥമ ശുശ്രൂഷാ സംവിധാനങ്ങൾ എന്നിവയ്ക്കുള്ള അവകാശം.
7. മാസ്റ്റർ റോള് കാലാവധി തീർന്നാൽ 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.
8. വേതന വിതരണത്തിൽ കാലതാമസം വന്നാൽ നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അവകാശം.
9. സമയബന്ധിതമായി പരാതി പരിഹാരത്തിനുള്ള അവകാശം.
10. സോഷ്യൽ ഓഡിറ്റിൽ പങ്കാളിയാകുന്നതിനുള്ള അവകാശം.

അവകാശാധിഷ്ഠിത നിരീക്ഷണങ്ങൾ:

1. തൊഴിൽ കാർഡുമായി ബന്ധപ്പെട്ടവ;

തൊഴിൽ കാർഡ് ഒരു ആധികാരിക രേഖയാണ്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 2 പ്രകാരം തൊഴിൽ കാർഡിന് അപേക്ഷ നൽകുന്ന കുടുംബങ്ങൾക്ക് 15 ദിവസത്തിനകം തികച്ചും സൌജന്യമായി തൊഴിൽ കാർഡ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ കാർഡ് പുതുക്കി നൽകേണ്ടതുമാണ്.

നിടുവല്ലൂർ വാർഡിലെ തൊഴിലാളികൾക്ക് 2019-20 സാമ്പത്തീക വർഷം ഉപയോഗിക്കുന്നതിനായി പുതിയ തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. എന്നാൽ തൊഴിലാളികളുടെ ആധികാരിക രേഖയായി ഉപയോഗിക്കുന്ന **തൊഴിൽ കാർഡിൽ ഫോട്ടോയിൽ ഉൾപ്പെടെ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെയാണ്** വിതരണം ചെയ്തിരിക്കുന്നത്,ഇത് നിർവഹണ ഏജൻസിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. തൊഴിലാളികൾ പഴയ തൊഴിൽ കാർഡിലെ സീൽ ചെയ്ത പേജ് എടുത്തു പുതയിതിൽ ഒട്ടിച്ചുവെച്ചതായാണ് കാണാൻ സാധിച്ചത്.



2. തൊഴിൽ ലഭിക്കുന്നത് സംബന്ധിച്ച്;

തൊഴിൽ കാർഡുള്ള ഏതൊരു കുടുംബത്തിനും 100 ദിവസത്തെ അവിദഗ്ദ്ധ കായിക തൊഴിലിന് അവകാശമുണ്ട്, അപേക്ഷ നൽകിയാൽ കൈപ്പറ്റു രശീത് നൽകുകയും 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കണമെന്നും നിയമത്തിൽ പ്രതിപാദിക്കുന്നു.

നിടുവള്ളൂർ വാർഡിലെ തൊഴിലാളികൾ മേറ്റ് മുഖാന്തിരം ഗ്രൂപ്പായാണ് തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത്. വെള്ളക്കടലാസിൽ തൊഴിൽ ലഭിക്കേണ്ട തീയ്യതി രേഖപ്പെടുത്താതെയാണ് അപേക്ഷ നൽകുന്നത് എന്നാണു ഫയൽ പരിശോധനയിൽ കാണാൻ സാധിച്ചത്. വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം തൊഴിൽ അപേക്ഷയ്ക്കുള്ള പ്രത്യേക അപേക്ഷാ ഫോറങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഇത് തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. അപേക്ഷ സ്വീകരിക്കുന്ന മുറയ്ക്ക് അപേക്ഷകന് കൈപ്പറ്റു രശീത് നിർബന്ധമായും നൽകണമെന്ന് നിയമത്തിൽ അനുശാസിക്കുന്നുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള തൊഴിൽ അപേക്ഷകൾക്കൊപ്പം രശീതിന്റെ കൌണ്ടർ സ്ലിപ് കാണാൻ സാധിച്ചിട്ടില്ല. അപേക്ഷ നൽകിയവരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും കൈപ്പറ്റു രസീത് നൽകാറില്ല എന്നാണു മനസിലാക്കുന്നത്.



6

1	കല്യാണി പി.സി	008/1	07291010004002
2	ഗോപാലൻ പി.സി	008/103	07291010 66317
3	അജിത കെ	008/105	07291080 647914
4	[illegible] കെ	008/119	07291010 67313
5	ജനാർദ്ദനൻ പി.കെ	008/12	07291080 64960
6	സതി ടി	008/12	0729101014690
7	[illegible] പി.സി	008/129	0729108063727
8	ദേവി കെ	008/13	07291080 64790
9	നാരായണി പി.കെ	008/135	0729108065959
10	ജയശ്രീ പി	008/138	072910
11	സരോജിനി പി	008/15	07291010001098
12	ഉമ്മർ എം	008/157	0729108067415
13	ശ്രീജിത്ത് ടി	008/16	07291010 69538
14	ഷീല കെ	008/163	072910
15	യശോദ പി.കെ	008/17	07291080 64940
16	സൗദാമിനി പി.സി	008/19	07291080 63642
17	ശാന്ത കെ	008/2	07291080 65035
18	രാധാമണി സി	008/21	07291080 63661
19	സതി കെ	008/22	07291080 63690
20	ബിന്ദു കെ	008/24	0729108063649
21	നബീസ പി	008/25	0729108064805
22	ദേവി എം	008/26	0729108063731
23	കാർത്ത്യായനി ടി	008/27	07291010 13063
24	യശോദ പി	008/30	07291010 14418
25	[illegible] സി	008/31	07291010003212
26	[illegible] എം	008/31	07291080 63725
27	ബിന്ദു എൻ	008/32	07291080 63693

3. തൊഴിൽ അനുവദിച്ചത് സംബന്ധിച്ച്;

തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കനമെന്നുണ്ട്. വാർഡിലെ തൊഴിലാളികൾക്ക് തൊഴിൽ ആവശ്യമുള്ള സമയങ്ങളിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 15 ദിവസത്തിനകം തൊഴിൽ അനുവദിക്കെണ്ടതുണ്ട്. വാർഡിലെ തൊഴിലാളികൾ തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമർപ്പിക്കാറില്ല ,അതുകൊണ്ട് തന്നെ കൃത്യമായി തൊഴിൽ ലഭിച്ചിട്ടുണ്ടോ എന്ന് രേഖകളിൽ നിന്നും വ്യക്തമല്ല.

4. തൊഴിലില്ലായ്മ വേതനം;

തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കാത്തപക്ഷം തൊഴിലില്ലായ്മ വേതനം ലഭിക്കാൻ അവകാശമുണ്ട്**.** വാർഡിലെ തൊഴിലാളികൾ തീയ്യതി രേഖപ്പെടുത്തി രേഖാമൂലം അപേക്ഷ സമർപ്പിക്കാറില്ല ,അതുകൊണ്ട് തന്നെ തൊഴിലില്ലായ്മ വേതനം ലഭിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല.

5. ഷെൽഫ് ഓഫ് പ്രോജക്റ്റ് സംബന്ധിച്ച്;

വാർഡിൽ ആവശ്യമായ വികസന പ്രവൃത്തികൾ കണ്ടെത്തുന്നതിന് തൊഴിലാളികൾക്ക് അവകാശം ഉണ്ട്.തൊഴിൽ കണ്ടെത്തുന്നതിനു തൊഴിലാളികളുടെയും മേറ്റിന്റെയും ഭാഗത്ത് നിന്നും പങ്കാളിത്തമുണ്ടാവുന്നുണ്ട്, എന്നാൽ തൊഴിലുറപ്പിൽ അനുവദനീയമായ ആസ്തി വികസന പ്രവൃത്തികൾ കണ്ടെത്തുന്നതിന് വാർഡിലെ വിവിധ മേഖലയിൽ ഉള്ളവരുടെ പങ്കാളിത്തം ഉണ്ടാവേണ്ടതുണ്ട്.

6. യാത്രാ ചെലവ് സംബന്ധിച്ച്;

തൊഴിലാളികൾക്ക് താമസ സ്ഥലത്തുനിന്നും 5 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശമുണ്ട്, പ്രസ്തുത പരിധിക്കു പുറത്തു തൊഴിൽ ചെയ്യേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ യാതാ ബത്തയായി കൂലിയുടെ 10% തുക നിലവിലെ കൂലി പ്രകാരം 27 രൂപ 10 പൈസ പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാക്കണം. വാർഡിലെ തൊഴിലാളികൾ 5 കിലോമീറ്റർ പരിധിക്കപ്പുറം തൊഴിലുറപ്പ് പ്രവൃത്തി ചെയ്യില്ല എന്നാണു തൊഴിലാളികളിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത്.

7. **പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങൾ സംബന്ധിച്ച്;**

തൊഴിലിടങ്ങളിൽ ലഭിക്കേണ്ട അടിസ്ഥാന സൌകര്യങ്ങളായ പ്രഥമ ശുശ്രൂഷാ സംവിധാനങ്ങൾ, വിശ്രമ സമയത്തെ തണൽ സൗകര്യം എന്നിവ തൊഴിലാളികൾക്ക് സൌജന്യമായി ലഭ്യമാക്കേണ്ടതുണ്ട്, വാർഡിലെ തൊഴിലാളികൾക്ക് ഇവ ലഭിക്കുന്നില്ല. ഇത് നിർവഹണ ഏജൻസിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്, തുടർന്നുള്ള പ്രവൃത്തികളിൽ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കുന്നതിന് നിർവഹണ ഏജൻസി ശ്രദ്ധിക്കേണ്ടതുണ്ട്.

8. വേതനം ലഭ്യമാക്കുന്നത് സംബന്ധിച്ച്;

തൊഴിലുറപ്പ് നിയമത്തിൽ **സെക്ഷൻ 3(2)** പ്രകാരം മസ്റ്റർ റോള് കാലാവധി കഴിഞ്ഞു 15 ദിവസത്തിനകം തൊഴിലാളികളുടെ എക്കൌണ്ടിൽ കൂലി

ലഭിക്കുവാൻ അവകാശമുണ്ട്, എന്നാൽ ഈ ദിവസ പരിധിക്കുള്ളിൽ കൂലി ലഭിക്കാത്ത സാഹചര്യം ഓഡിറ്റ്കാലയളവിൽ ഉണ്ടായിട്ടുണ്ട്, നിർവഹണ ഏജൻസിയിൽ നിന്നുള്ള വീഴ്ചയല്ലെങ്കിലും കൂലി വൈകിയതിനുള്ള നഷ്ട പരിഹാരം ലഭിക്കുകയോ അതിനുവേണ്ടി തൊഴി ലാളികൾ പരാതിപ്പെടുകയോ ചെയ്തിട്ടില്ല. ഫീൽഡ് സന്ദർശന വേളയിൽ തൊഴിൽ കാർഡ് നമ്പർ 8/31 ലെ **ഗംഗാധരൻ** എന്ന തൊഴിലാളിക്ക് ഓഡിറ്റ് കാലയളവിൽ ചെയ്ത പ്രവൃത്തികൾക്ക് കൂലി ലഭിച്ചില്ല എന്ന് മേറ്റ് മാരും പ്രസ്തുത തൊഴിലാളിയും പരാതിപറയുകയുണ്ടായി, പഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി MIS ലും, അവരുടെ കുടുംബത്തിലെ ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിലൂടെയും ഗംഗാധരന്റെയും ഭാര്യ ശ്യാമളയുടെയും ജോയിന്റ് ബാങ്ക് അക്കൌണ്ടിൽ തുക ലഭിച്ചിട്ടുള്ളതായി പറഞ്ഞു കൊടുക്കാൻ സാധിച്ചു,

9. പരാതി പരിഹാരം സംബന്ധിച്ച്;

തൊഴിലുരപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തിൽ പരാതിയുണ്ടാകുന്ന പക്ഷം ആയത് രേഖാമൂലം പഞ്ചായത്തിൽ പരാതിപ്പെടാവുന്നതാണ്, പ്രസ്തുത പരാതികൾ സ്വീകരിച്ചു രസീറ്റ് നൽകുകയും പരമാവധി 7 ദിവസ പരിധിക്കുള്ളിൽ അന്വേഷിച്ചു പരാതിക്കാരന് മറുപടി നൽകേണ്ടതാണ്. പരാതികൾ അറിയിക്കുന്നതിനുള്ള ടോൾ ഫ്രീ നമ്പർ പൊതുജനങ്ങൾക്ക് കാണാവുന്ന രീതിയിൽ പഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിക്കേണ്ടതുണ്ട് .

10. സോഷ്യൽ ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച്;

തൊഴിലുറപ്പിൽ ഏറ്റെടുത്ത പ്രവൃത്തികൾ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിൽ പങ്കാളികളാവുന്നതിനു തൊഴിലാളികൾക്ക് അവകാശമുണ്ട്.
സോഷ്യൽ ഓഡിറ്റിൽ പ്രവൃത്തി സ്ഥല സന്ദർശനത്തിനും,അളവുകൾ രേഖപ്പെടുതുന്നതിലും മേറ്റ് മാരായ ബിന്ദു കെ ,സുജാത എന്നിവർ പങ്കെടുത്തു, മറ്റു തൊഴിലാളികളിൽ നിന്നും ആവശ്യമുള്ള സഹകരണവും പങ്കാളിത്തവും ഉണ്ടായിട്ടുണ്ട്.

11. അപകടങ്ങൾ സംബന്ധിച്ച്;

തൊഴിലുറപ്പ് ജോലിക്കിടെ തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിച്ചു പോവുകയാണെങ്കിൽ നിയമത്തിലെ ഷെഡ്യൂൾ 2(5)പ്രകാരവും അദ്ധ്യായം 9 ലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിലും ചികിൽസാ ചെലവുകളുടെ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത തുക മുഴുവനും അനുവദിച്ചു കൊടുക്കേണ്ടതാണ്. വാർഡിലെ തൊഴിലാളികൾക്ക് ചികില്സയുമായി ബന്ദപ്പെട്ട പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല എന്നാണു ലഭിച്ച വിവരം.

- **ഫയൽപരിശോധനയുമായി ബന്ധപ്പെട്ട വിലയിരുത്തലുകൾ**.

  തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഫയലുകളിൽ ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട 22 രേഖകളെ കുറിച്ച് വാർഷിക മാസ്റ്റർ സർക്കുലറിൽ കൃത്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

1. കവർ പേജ് .
2. ചെക്ക് ലിസ്റ്റ്.
3. ആക്ഷൻ പ്ലാൻ കോപ്പി.

12. മെറ്റീരിയൽ വാങ്ങുന്നതിനുള്ള തീരുമാനം
13. വേജ് ലിസ്റ്റ്
14. ഫണ്ട് ട്രാസ്സർ ഓർഡർ.

4. ജനകീയ എസ്റ്റിമേറ്റ്
5. സാങ്കേതികാനുമതി.
6. ഭരണാനുമതി.
7. കൺവർജൻസ് വിവരങ്ങൾ
8. തൊഴിൽ അപേക്ഷ.
9. വർക്ക് അല്ലോക്കെഷൻ.
10. മസ്റ്റർ റോൾ
11. മെഷർമെന്റ് ബുക്ക്.
15. പാട്ടക്കരാർ
16. മൂന്ന്ഘട്ടങ്ങളിലെ ഫോട്ടോകൾ
17. പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം
18. മെറ്റീരിയൽ ബില്ലുകൾ.
19. മസ്റ്റർ റോള് മൂമെന്റ് സ്ലിപ്പ്.
20. ജിയോടാഗ്ഗെട് ഫോട്ടോ.
21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്
22. സൈറ്റ് ഡയറി.

- **<u>പരിശോധിച്ച ഫയലുകൾ;</u>**

1. WC/321857 ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ വരമ്പ് നിർമാണം.
2. LD/249498 ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ കല്ല് കയ്യാല നിർമാണം.
3. WC/318903 ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.
4. WC/322740 ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.
5. WC/322741 ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.
6. DW/322567 ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ കിണർ നിർമാണം.

S.no	കോഡ്	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക	ചെലവായ തുക	തൊഴിൽ ദിനം		Materials/
					unskilled	skilled	Board
1	WC/321857	ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ വരമ്പ് നിർമാണം.	121400	116196	421	0	0
2	LD/249498	ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ കല്ല് കയ്യാല നിർമാണം.	208500	133380	280	66	0
3	WC/318903	ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.	170200	165048	598	0	0
4	WC/322740	ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.	162500	145452	527	0	0
5	WC/322741	ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.	165000	150144	544	0	0
6	DW/322567	ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ കിണർ നിർമാണം.	92500	89190	47	76	20618
		ആകെ		799410	2417	142	20618

പരിശോധിച്ച ഫയലുകളിൽ മാസ്റ്റർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള രേഖകളിൽ; എസ്റ്റിമേറ്റ് ,സാങ്കേതികാനുമതി ,മസ്റ്റർ റോള്,മെഷർമെന്റ്

ബുക്ക്,വേജ് ലിസ്റ്റ് ,സൈറ്റ് ഡയറി എന്നീ 6 രേഖകൾ മാത്രമേ കാണാൻ സാധിച്ചിട്ടുള്ളൂ.

1. **കവർ പേജ്**-
   മാസ്റ്റർ സർക്കുലർ പ്രകാരമല്ലാത്ത അത്യാവശ്യ വിവരങ്ങൾ ഉൾപ്പെടുത്തിയ കവർ പേജ് എല്ലാ ഫയലിലും ഉണ്ട്.
2. **ചെക്ക് ലിസ്റ്റ്**-
   ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രേഖകളുടെ പേരും പേജ് നമ്പരും രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് ഫയലില് സൂക്ഷിക്കേണ്ടതുണ്ട്, പരിശോധിച്ച ഫയലുകളിലൊന്നും ഇത് കാണാൻ സാധിച്ചില്ല.
3. **ആക്ഷൻ പ്ലാൻ കോപ്പി**-
   ഏറ്റെടുക്കുന്ന പ്രവൃത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതും മുൻഗണനാ ക്രമത്തിൽ ഉള്ളതുമായിരിക്കണ മെന്നുണ്ട് ,എന്നാൽ പരിശോധിച്ച ഫയലുകളിലൊന്നും ഇത് കാണാൻ സാധിച്ചില്ല .
4. **ജനകീയ എസ്റ്റിമേറ്റ്**-
   സാധാരണക്കാരായ ഏതൊരാൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമെറ്റ് ഫയലിലും പ്രവൃത്തി സ്ഥലത്തും ലഭ്യമാക്കേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിലൊന്നും ഇത് കാണാൻ സാധിച്ചില്ല.ഇംഗ്ലീഷ് ഭാഷയിലുള്ള എസ്റ്റിമാറ്റ് മാത്രമാണ് ഫയലിൽ ഉള്ളത്.
5. **സാങ്കേതികാനുമതി**-
   പരിശോധിച്ച എലാ ഫയലുകളിലും സൂക്ഷിച്ചിട്ടുണ്ട്.
6. **ഭരണാനുമതി**-
   ഭരണാനുമതി ലഭിച്ചതിന്റെ രേഖകളുടെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
7. **കൺവജൻസ് വിവരങ്ങൾ**-
   പരിശോധിച്ച പ്രവൃത്തികൾ സർക്കാരിന്റെ മറ്റേതെങ്കിലും വകുപ്പുകളുമായി സംയോജിച്ചു നടത്തുന്ന പ്രവൃത്തികൾ അല്ലാത്തതുകൊണ്ട് ഈ രേഖകൾ ബാധകമല്ല.
8. **തൊഴിൽ അപേക്ഷ**-
   പ്രത്യേക ഫോറത്തിലല്ലാതെ വെള്ളക്കടലാസിൽ തീയ്യതികൾ രേഖപ്പെടുത്താത്തതും കൈപ്പറ്റു രസീതു നല്കാതതുമായ അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.
9. **വർക്ക് അലോക്കേഷൻ**-
   തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖകൾ ഫയലിൽ സൂക്ഷിചിട്ടില്ല.
10. **മസ്റ്റർ റോൾ**-

പരിശോധിച്ച പ്രവൃത്തികളുടെ മസ്റ്റർ റോൾ വിലയിരുത്തൽ പട്ടിക.

	Work code	Muster roll number	Total no.of workers	Total attendance	Total wages	m.book number	Seal and signature of GP	Seal and signature of BPO	Signature of mate	Signature of overseer	Remarks
1	WC/321857	3252	69	252	69552	nil	Yes	Yes	Nil	nil	
2		3253	69	68	18768	nil	Yes	Yes	Nil	yes	
3		3395	25	41	11316	nil	Yes	Yes	Nil	yes	
4		3396	25	38	10488	nil	Yes	Yes	Nil	yes	
5		3397	19	22	6072	nil	Yes	Yes	Nil	yes	
6	WC/318903	3828	25	118	32568	Nil	Yes	Yes	Nil	yes	
7		3829	19	86	23736	nil	Yes	yes	nil	yes	
8		3830	25	137	37812	Nil	Yes	Yes	Nil	nil	
9		3831	19	97	26772	Nil	Yes	Yes	yes	yes	
10		4432	25	70	19320	Nil	Yes	Yes	Nil	yes	
11		4433	25	71	19596	Nil	Yes	Yes	Nil	yes	
12		4434	7	19	5244	Nil	Yes	Yes	yes	yes	
13	WC/322740	5847	63	227	62652	Nil	Sign only	Yes	Nil	nil	3 sign corrections
14		5848	61	231	63756	Nil	Sign only	Yes	yes	nil	
15		6518	57	69	19044	Nil	sign only	Yes	yes	nil	
16	WC/322741	4903	25	101	27876	nil	sign only	Yes	No	yes	
17		4904	25	126	34776	Nil	sign only	Yes	No	yes	5 sign corrections
18		4905	11	52	14352	nil	sign only	Yes	No	no	
19		4906	25	111	30636	nil	sign only	Yes	No	Yes	
20		4907	25	112	30912	nil	sign only	Yes	No	yes	1sign correction
21		4908	8	42	11592	nil	sign only	Yes	yes	yes	
22	LD/249498	8812		146	40296	Nil	Yes	Yes	yes	yes	
23		8978		3	828	Nil	Yes	Yes	No	yes	
24		8813		128	35328	Nil	Yes	Yes	Yes	Yes	
25		8979		3	828	Nil	Yes	Yes	Yes	Yes	
26		8889		20	17000	Nil	Yes	Yes	Yes	Yes	
27		8890		0	0	Nil	Yes	yes	nil	nil	Full absend
28		8891		24	20400	Nil	Yes	Yes	Yes	Yes	
29		8892		22	18700	nil	Yes	Yes	Yes	yes	
30	DW/322567	8962	3	24	6624	Nil	Yes	Yes	yes	yes	
31		8971	3	23	6348	Nil	Yes	Yes	Nil	yes	1 sign correction
32		8972	4	28	19600	Nil	Yes	Yes	nil	nil	
33		8973	4	32	22400	Nil	Yes	Yes	Nil	Nil	
34		8974	4	16	13600	Nil	Yes	Yes	nil	nil	
	total			2559	778792						

➢ ഓഡിറ്റിനു വിധേയമാക്കിയ 6 പ്രവൃത്തികൾക്കുമായി 34 മസ്റ്റർ റോളുകളാണ് ഉള്ളത്.
➢ എല്ലാ മസ്റ്റർ റോളിലും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഒപ്പ് സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്,എന്നാൽ ഒപ്പുവെച്ച **തീയ്യതി** ഒന്നിലും രേഖപ്പെടുത്തിയിട്ടില്ല.
➢ എല്ലാ മസ്റ്റർ റോളിലും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്,എന്നാൽ സീൽ 9 മസ്റ്റർ റോളുകളിൽ മാത്രമേ കാണാൻ സാധിച്ചിട്ടുള്ളൂ .ഒരു മാസ്റ്റർ റോളിലും ഒപ്പുവെച്ച **തീയ്യതി** രേഖപ്പെടുതിയിട്ടുമില്ല.
➢ 4 മാസ്റ്റർ രോളുകളിലായി 10 ഒപ്പുകൾ തിരുത്തി അവധി രേഖപ്പെടുത്തിക്കാണുന്നു. ആകെ ഹാജർ കൂട്ടിയിടുന്നതിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ട്.
➢ 13 മസ്റ്റർ റോളുകളിൽ മാത്രമേ മേറ്റ് സാക്ഷ്യപ്പെടുത്തി ഒപ്പുവേചിട്ടുള്ളൂ.
➢ 24 മസ്റ്റർ റോളുകളിൽ മാത്രമേ ഉദ്യോഗസ്ഥർ/ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുതിയിട്ടുള്ളൂ.
➢ ഒരു മസ്റ്റർ റോളിലും എം.ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.




മെഷർമെന്റ് ബുക്ക്-

➢ **38/18-19**(WC/321857) **96/18-19**(LD/249498) **47/18-19**(WC/318903) (WC/322740) **53/18-19**(WC/322741) **92 /18-19**(DW/322567) എന്നീ നമ്പരുകളിലുള്ള എം.ബുക്കുകളാണ് അളവുകൾ രേഖപ്പെടുത്താൻ ഉപയോഗിച്ചിട്ടുള്ളത്.

➢ എല്ലാ എം.ബുക്കുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
➢ മെഷർ ചെയ്യതിന്റെയും,ചെക്ക് മെഷർ ചെയ്യതിന്റെയും തീയ്യതി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

➢ ബില്ലുകൾ തയ്യാറാക്കിയ ഉദ്യോഗസ്ഥർ (ഓവർസീയർ,അസിസ്റ്റന്റ് എൻജിനീയർ) ഒപ്പ്,സീൽ എന്നിവയ്ക്കൊപ്പം തീയ്യതി രേഖപ്പെടുത്തുന്നില്ല.

➤ ബിൽ അംഗീകരിച്ച ഉദ്യോഗസ്ഥർ (പ്രസിഡണ്ട്,സെക്രട്ടറി) ഒപ്പ്,സീൽ എന്നിവയ്ക്കൊപ്പം തീയ്യതി രേഖപ്പെടുത്തുന്നില്ല. എം.ബുക്ക് നമ്പർ **53/18-19**(WC/322741) ലെ ബിൽ അംഗീകരിച്ച സെക്രട്ടറി തീയ്യതി രേഖപ്പെടുതിയിയ്യുണ്ട്.



മെറ്റീരിയൽ വാങ്ങുന്നതിനുള്ള തീരുമാനം

,സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് വാങ്ങി സ്ഥാപിക്കതതിനാലും മേറ്റീരിയൽ ഉപയോഗിക്കേണ്ട പൊതു പ്രവൃത്തികൾ അല്ലാതതിനാലും ഈ രേഖകൾ ബാധകമാകുന്നില്ല.

പാട്ടക്കരാർ

ജെ എൽ ജി ഗ്രൂപ്പുകൾക്ക് കൃഷി പ്രവൃത്തി എന്ന 3 പ്രവൃത്തികളും ചെയ്യുന്നതിന് വിവിധ സ്ഥലം ഉടമകളുടെ പറമ്പുകൾ ആണ് ഉപയോഗപ്പെടുതിയിട്ടുള്ളത്, എന്നാൽ സ്ഥലം ഉടമകളുമകൾക്ക് പാട്ടത്തുക നൽകിയോ /ജെ എൽ ജി ഗ്രൂപ്പുകൾക്ക് ലഭിക്കുന്ന ലാഭവിഹിതം നൽകിയോ /സൗജന്യമായോ കൃത്യമായ കാലയളവിലേക്ക് സ്ഥലം വിട്ടുനൽകും എന്നതിന് മുദ്രപ്പത്രത്തിൽ ഉറപ്പു ലഭിച്ചാൽ മാത്രമെ പ്രസ്തുത പറമ്പിൽ തൊഴിലുറപ്പിലൂടെയുള്ള പ്രവൃത്തികൾ അനുവദിക്കാൻ പാടുള്ളൂ. ഫയലിൽ ഇപ്രകാരമുള്ള രേഖകൾ കണ്ടില്ല .

വേജ് ലിസ്റ്റ്

എല്ലാ മസ്റ്റർ രോളുകളുടെയും വേജ് ലിസ്റ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ഫണ്ട് ട്രാസ്സർ ഓർഡർ.

തൊഴിലാളികൾക്കും, മേറ്റീരിയൽ വെണ്ടർമാർക്കും അക്കൗണ്ട് കളിലേക്ക് പണം അനുവദിച്ചതിനുള്ള രേഖയായ ഫണ്ട് ട്രസ്റ്റർ ഓർഡർ കോപ്പി ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല.

മൂന്ന്ഘട്ടങ്ങളിലെ ഫോട്ടോകൾ

തൊഴിലുറപ്പിൽ ഒരു പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പും പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോഴും പൂർത്തിയായ ശേഷവും ഉള്ള ഓരോ ഫോട്ടോകൾ നിർബന്ധമായും എടുത്തു സൂക്ഷിക്കുകയും ഫയലിൽ കോപ്പികൾ വെക്കുകയും വേണം, ഓഡിറ്റ് ചെയ്ത പ്രവൃത്തികളുടെ ഫയലുകളിൽ ഇവ കാണാൻ സാധിച്ചില്ല.

പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം

ഓരോ പ്രവൃത്തിയും ശരിയായ രീതിയിൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് മുഴുവൻ ചെലവുകളും രേഖപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചു എന്ന് അംഗീകരിച്ചുകൊണ്ടുള്ള പ്രസ്തുത പ്രവൃത്തിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്, ഒരു ഫയലിലും ഇത് ലഭ്യമല്ല.

മെറ്റീരിയൽ ബില്ലുകൾ.

തൊഴിലുറപ്പ് പ്രവൃത്തികൾക്ക് ഏതെങ്കിലും സാധന ഘടകങ്ങൾ വിലയ്ക്ക് വാങ്ങി ഉപയോഗിക്കുകയാണെങ്കിൽ ആയതിന്റെ ബിൽ അംഗീകരിച്ചു ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. പരിശോധിച്ച ഫയലുകളിൽ കിണർ നിർമ്മാണം പ്രവൃത്തിക്ക് ചെങ്കല്ല് വാങ്ങിച്ച്തിനു തുക അനുവദിച്ചതായി കണ്ടു .എന്നാൽ ബിൽ ഫയലിൽ കണ്ടില്ല,

മസ്റ്റർ റോള് മൂമെന്റ് സ്ലിപ്പ്.

ഓരോ മസ്റ്റർ റോളും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിച്ച തീയ്യതി, അവസാനിച്ച തീയ്യതി ,പ്രവൃത്തി സ്ഥലത്ത് നിന്ന് പഞ്ചായത്തിൽ തിരികെ ലഭിച്ച തീയ്യതി,ഡാറ്റ എൻട്രി ചെയ്ത തീയ്യതി, സെക്രട്ടറി ,പ്രസിഡന്റ് എന്നിവർ അംഗീകരിച്ച് കൂലിക്ക് അനുമതി നൽകിയ തീയ്യതി എന്നിവ ഒപ്പുകൾ സഹിതം രേഖപ്പെടുത്തുന്നതിനു വേണ്ടിയുള്ള സ്ലിപ് ആണിത്. തൊഴിലാളികൾക്ക് യഥാസമയം കൂലി ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ എവിടെ വെച്ചാണെന്ന് മനസിലാകുന്നതിനു സാധിക്കുന്ന രീതിയിലുള്ള ഈ രേഖ കൃത്യമായി പൂരിപ്പിക്കാത്തതും വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമല്ലാത്തതുമാണ് ഫയലുകളിൽ കാണാൻ സാധിച്ചത്.





ജിയോടാഗ്ഗെട് ഫോട്ടോ.

BHUVAN ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രവൃത്തി സ്ഥലങ്ങളുടെ അക്ഷാംശം രേഖാംശം എന്നിവ രേഖപ്പെടുത്തിക്കൊണ്ടുള്ള ഫോട്ടോകൾ ഓരോ പ്രവൃത്തിക്കും ആവശ്യമാണ്, ഇതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കേണ്ടതാണ്, ഇത് ഒരു ഫയലിലും കണ്ടില്ല.

സൈറ്റ് ഡയറി.

മാസ്റ്റർ സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന സുപ്രധാന രേഖയാണ് സൈറ്റ് ഡയറി. പദ്ധതിയുടെ സുതാര്യത,തൊഴിലാളികളുടെ അവകാശങ്ങൾസാമൂഹ്യ പങ്കാളിത്തം പദ്ധതി ആരംഭ മീറ്റിംഗ് എന്നിവ പ്രവൃത്തി സ്ഥലങ്ങളിൽ ഉറപ്പു വരുത്തുന്നുണ്ട് എന്നതിനുള്ള ആധികാരിക രേഖകൂടിയാണ് സൈറ്റ് ഡയറി.

കിണർ പ്രവൃത്തിയുടെ ഒഴികെ ബാക്കി പ്രവൃത്തികൾക്ക് സൈറ്റ് ഡയറി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

സൈറ്റ് ഡയറിയിൽ പദ്ധതിയുടെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.

പദ്ധതി ആരംഭ മീറ്റിംഗ് –തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ **22** പ്രകാരം ഒരു പദ്ധതി ആരംഭിക്കുന്നതിനു മുമ്പ് പദ്ധതിയെ കുറിച്ചുള്ള മുഴുവൻ കാര്യങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യപ്പെടുത്തേണ്ടതുണ്ട് അതിനായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്റെയും വാർഡ്

മെമ്പർ,സാങ്കേതിക വിദഗ്ദർ എന്നിവരുടെ സാന്നിധ്യത്തിൽ ഏതെങ്കിലും പൊതു ഇടങ്ങളിലോ,തൊഴിലിടത്തുവച്ചോ മീറ്റിംഗ് വിളിച്ചു ചേർക്കുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്യേണ്ടതുണ്ട്. സൈറ്റ് ഡയരിയിൽ മീറ്റിങ്ങിൽ പങ്കെടുത്ത തൊഴിലാളികളുടെ ഒപ്പ് പേര് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

തൊഴിലാളികളുടെ സാക്ഷ്യപത്രത്തിൽ ഒപ്പുരേഖപ്പെടുത്തിയിട്ടുണ്ട്.

വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മറ്റി അംഗങ്ങളുടെ ഇടപെടലുകൾ കാണാൻ സാധിക്കുന്നില്ല. ഒരാൾ മാത്രമാണ് റിപ്പോർട്ടിൽ ഒപ്പിട്ടിരിക്കുന്നത്.

സന്ദർശക കുറിപ്പിൽ സന്ദർശകരുടെ പേര്,ഒപ്പ് സന്ദർശിച്ച തീയ്യതി മാത്രമാണ് രേഖപ്പെടുത്തിക്കാണുന്നത് ,അഭിപ്രായങ്ങൾ എഴുതിക്കാനുന്നില്ല.





രജിസ്റ്ററുകളുടെ പരിശോധന.

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട **7** രജിസ്റ്ററുകൾ പഞ്ചായത്തുകളിൽ സൂക്ഷിക്കേണ്ടതുണ്ട്. 16-5-2019 നു പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ 7 രജിസ്റ്ററുകളും സൂക്ഷിച്ചതായി കാണാൻ സാധിച്ചിട്ടുണ്ട്. ഇത് അഭിനന്ദനാർഹമായ കാര്യമാണ്.

1. **തൊഴിൽ കാർഡ് രജിസ്റ്റർ** .വാർഡ് **8** ലെ **163** പേരുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചതായി കണ്ടു.

2. **ഗ്രാമസഭ രജിസ്റ്റർ .**വാർഡ് **8** ലെ ഗ്രാമസഭാ രജിസ്റ്റർ പരിശോധിക്കുകയുണ്ടായി. 23-11-2018 ലേബർ ബജറ്റും ആക്ഷൻ പ്ലാനും അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്
3. **തൊഴിൽ അപേക്ഷാ രജിസ്റ്റർ .**08-06-2018 വരെയുള്ള അപേക്ഷകൾ മാത്രമാണ് രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചത്.
4. **പ്രവൃത്തി രജിസ്റ്റർ .**02-10-2018 വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിക്കണ്ടത്.
5. **ആസ്തി രജിസ്റ്റർ .**2017-18 സാമ്പത്തീക വർഷത്തെ 4 പ്രവൃത്തികൾ മാത്രം കാണാൻ സാധിച്ചു.
6. **പരാതി രജിസ്റ്റർ .**2018-19 പരാതികളൊന്നും രേഖപ്പെടുത്തിക്കണ്ടില്ല.
7. **മെറ്റീരിയൽ രജിസ്റ്റർ .**9-5-2018 വരെയുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിക്കണ്ടത്.

രജിസ്റ്ററുകളിൽ കാലാനുസൃതമായി വിവരങ്ങൾ രേഖപ്പെടുത്തിക്കണ്ടില്ല, നിർവഹണ ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

സന്ദർശിച്ച പ്രവൃത്തികളുടെ വിലയിരുത്തൽ.

1. WC/321857 ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ വരമ്പ് നിർമാണം.

ചെപീലാട്ട് ഗംഗാധരൻ ,വളപ്പിനകത്ത് ഫാത്തിമ,ആയിറ്റാണ്ടി പുതിയപുരയിൽ സഫിയ, സുഹറ എൻ - നാക്കരപ്പട്ടി ഹൗസ് , തൂമ്പ്രത് പുരുഷോത്തമൻ എന്നിവരുടെ അഞ്ച് പ്രവൃത്തി സ്ഥലങ്ങളാണ് മേറ്റ് മാരായ ബിന്ദു.കെ,സുജാത എന്നിവർക്കൊപ്പം സന്ദർശിച്ചത് .

മേഷർമെൻറ്റ് ബുക്കിൽ കാടുവെട്ടിതെളിച്ചതിന്റെ അളവുകൾ മാത്രമാണ് ഓരോ പറമ്പുളുടെയും പ്രത്യേകം രേഖപ്പെടുത്തിയിട്ടുള്ളത്, അതുകൊണ്ട് തന്നെ വരമ്പുകൾ ഏതു പറമ്പിൽ എത്രയളവിൽ ചെയ്തു എന്ന് മെഷർമെന്റ് ബുക്കിൽ നിന്നും മനസ്സിലാക്കാൻ സാധ്യമല്ല.

0.60 മീറ്റർ വീതിയിലും **0.60** മീറ്റർ ഉയരത്തിലുമുള്ള വരമ്പുകൾ ആകെ**1085.2** മീറ്റർ നീളം ചെയ്തതായാണ് രേഖകൾ കാണിക്കുന്നത്. എന്നാൽ **0.60** മീറ്റർ വീതിയിലും **0.60** മീറ്റർ ഉയരത്തിലുമുള്ള വരമ്പുകൾ എവിടെയും കാണാൻ സാധിച്ചിട്ടില്ല,

സുഹറ എൻ - നാക്കരപ്പട്ടി ഹൗസ് ,ഫാത്തിമ വളപ്പിനകത്ത് എന്നിവരുടെ പറമ്പുകളിൽ വരമ്പ് നിർമ്മിച്ചതായി പറയുന്നുണ്ടെകിലും അതിനു മീതെ മറ്റു പ്രവൃത്തികൾ നടത്തിയതിനാൽ നിലവിൽ കാണാൻ സാധ്യമല്ല.

ആയിറ്റാണ്ടി പുതിയപുരയിൽ സഫിയയുടെ പറമ്പിൽ 15 മീറ്റർ നീളത്തിലുള്ള നാല് വരമ്പുകൾ ജലസംരക്ഷണത്തിന് ഗുണകരമായി കാണാൻ സാധിച്ചു ,ഈ അളവിൽ എട്ട് വരമ്പുകളാണ് ആകെ നിർമ്മിച്ചതായി

മേറ്റ് മാർ പറഞ്ഞിട്ടുള്ളത്. ബാക്കിയുള്ളവ അളവ് രേഖപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയിലാണ്. ആകെ 300 മീറ്റർ ചെയ്തതായാണ് മേറ്റ് പറഞ്ഞത് പ്രകാരം അളന്നപ്പോൾ മനസിലാക്കാൻ കഴിഞ്ഞത്.

ചെപ്പീലാട്ട് ഗംഗാധരൻ എന്നയാളുടെ പറമ്പിൽ തെങ്ങിനുള്ള തടത്തിന്റെ ചുറ്റുമായി ഏകദേശം 0.30 മീറ്റർ ഉയരത്തിലും വീതിയിലുമുള്ള വരമ്പുകൾ കുറച്ചുഭാഗം കാണാൻ സാധിച്ചിരുന്നു. അളവ് രേഖപ്പെടുത്തൽ പ്രായോഗികമല്ല. എന്നാൽ പ്രവൃത്തി ചെയ്തതായി പറമ്പുടമയും മേറ്റ് മാരും പറഞ്ഞു.

തൂമ്പ്രത് പുരുഷോത്തമൻ ,എന്നിവരുടെ പറമ്പിലും എം . ബുക്ക് പ്രകാരമുള്ള അളവിൽ വരമ്പുകൾ കണ്ടില്ല. 455 മീറ്ററോളം വരമ്പുകൾ ചെയ്തതായാണ് മേറ്റ് പറഞ്ഞത് പ്രകാരം അളന്നപ്പോൾ മനസിലാക്കാൻ കഴിഞ്ഞത്. യഥാർത്ഥ അളവിലുള്ള വരമ്പുകൾ കാണാൻ സാധിച്ചിട്ടില്ല.

ഇതിൽ സഫിയയുടെ പറമ്പ് വാർഡ് 9 ലാണെന്നാണ് മനസിലാക്കാൻ സാധിച്ചത്.

2. **LD/249498 ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ കല്ല് കയ്യാല നിർമാണം**.

ഭൂവികസന പ്രവൃത്തികളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി**133380.00** രൂപ ചെലവഴിച്ച് വാർഡിലെ വിവിധ സ്ഥലങ്ങളിൽ കല്ലുകയ്യാല നിർമ്മാണം എന്ന പേരിൽ നടപ്പിലാക്കി യിട്ടുള്ളത് സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങൾക്ക് സംരക്ഷ ണഭിത്തി/ചുറ്റുമതിൽ പ്രവൃത്തിയാണ്. സ്വകാര്യ വ്യക്തികളുടെ ആസ്തി വികസനം എന്ന നിലയ്ക്കല്ലാതെ പ്രസ്തുത പ്രവൃത്തിയെ ഭൂവികസന പ്രവൃത്തിയായി കണക്കാക്കാൻ കഴിയില്ല. **വിലാസിനി, സുഹറ, സെറീന,റുബീന** എന്നിവരുടെ പുരയിടങ്ങളിലാണ് പ്രസ്തുത പ്രവൃത്തി നടത്തിയത്. ഫയലിൽ പരിശോധിച്ച പ്രകാരം വാർഡ് **8** ലെ പ്രവൃത്തികൾക്കാണ് സാങ്കേതിക അനുമതി നൽകിയിട്ടുള്ളത്, എന്നാൽ പ്രവൃത്തി നടന്നിട്ടുള്ള **സെറീന,റുബീന** എന്നിവരുടെ പ്രവൃതിസ്ഥലം വാർഡ് **9** ലാണ് .

പ്രസ്തുത പ്രവൃത്തിയിൽ **280** അവിദഗ്ദ്ധ തൊഴിൽ ദിനവും **66** അർദ്ധ വിദഗ്ദ്ധ തൊഴിൽ ദിനവുമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത് , പ്രവൃത്തിക്ക് ഉപയോഗിച്ച ചെങ്കല്ലുകൾ ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ വാങ്ങിയിട്ടുള്ളതാണ്.

3. **WC/318903 ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.**

ഷഹനാസ് ,മുഹമ്മദ് ശരീഫ് എന്നിവരുടെ പറമ്പുകളിലാണ് പ്രസ്തുത കൃഷി പ്രവൃത്തികൾ നടന്നിട്ടുള്ളത്.

എം . ബുക്കിലെ അളവുകൾ പ്രകാരം ഈ രണ്ട് പറമ്പുകളിലായി **8498.10** ചതുരശ്ര മീറ്റർ കാട് വെട്ടിതെളിക്കൽ പ്രവൃത്തി നടന്നിട്ടുണ്ട്. ഇതിനായി ഒരു ചതുരശ്ര മീറ്റർ കാട് വെട്ടിതെളിക്കലിനു **2.35** രൂപ നിരക്കിൽ **19970** രൂപയുടെ പ്രവൃത്തിയും **8487** ചതുരശ്ര മീറ്റർ പറമ്പിൽ **0.10** മീറ്റർ ആഴത്തിൽ കിലച്ചുനല്കിയത് പ്രകാരം ഒരു യൂണിറ്റ് പ്രവൃത്തിക്ക് **169.38** രൂപ നിരക്കിൽ **1,43,758** രൂപയുടെ പ്രവൃത്തിയും ഉൾപ്പടെ **1,64,280** രൂപയുടെ പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് **271** രൂപ കൂലി നിരക്കിൽ **598** തൊഴിൽ ദിനങ്ങളാണ് ഉപയോഗപ്പെടുതിയിട്ടുള്ളത്. അത് പ്രകാരം **1,62,058** രൂപ കൂലിയിനത്തിലും, **5** രൂപ പണിയായുധ വാടകയിനത്തിൽ **2990** രൂപയും ഉൾപ്പടെ **165048** രൂപ പ്രസ്തുത പ്രവൃത്തിക്ക് ചെലവായിട്ടുണ്ട്.

നിടുവല്ലൂർ വാര്ഡിലുള്ള **ഉദയ-ജെഎൽജി**-ക്കാണ് പ്രസ്തുത പ്രവൃത്തി തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത്. ഗ്രൂപ്പംഗങ്ങൾ വാഴ കൃഷിയാണ് ചെയ്തിട്ടുള്ളത്, വിളവെടുപ്പിനു പാകമായി ക്കൊണ്ടിരിക്കുന്നു. തൊഴിലുറപ്പിൽ ചെയ്ത പ്രവൃത്തിക്ക് പുറമേ കൃഷിയുടെ ഓരോ ഘട്ടത്തിലും അവിടെ അനുബന്ധ പ്രവൃത്തി നടന്നിട്ടുണ്ട്.

4. **WC/322740 ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.**

പള്ളിപ്പാറത്തു മുനീർ,സുഹറ എൻ . എന്നിവരുടെ പറമ്പുകളിലാണ് കൃഷി പ്രവൃത്തികൾ നടന്നിട്ടുള്ളത്

എം . ബുക്കിലെ അളവുകൾ പ്രകാരം ഈ രണ്ട് പറമ്പുകളിലായി **5589.72** ചതുരശ്ര മീറ്റർ കാട് വെട്ടിതെളിക്കൽ പ്രവൃത്തി നടന്നിട്ടുണ്ട്. ഇതിനായി ഒരു ചതുരശ്ര മീറ്റർ കാട് വെട്ടിതെളിക്കലിനു **2.35** രൂപ നിരക്കിൽ **13,136** രൂപയുടെ പ്രവൃത്തിയും **6123** ചതുരശ്ര മീറ്റർ പറമ്പിൽ **0.15/0.10** മീറ്റർ ആഴത്തിൽ കിലച്ചുനല്കിയത് പ്രകാരം ഒരു യൂണിറ്റ് പ്രവൃത്തിക്ക് **169.38** രൂപ നിരക്കിൽ **131174** രൂപയുടെ പ്രവൃത്തിയും ഉൾപ്പടെ **1,44,310** രൂപയുടെ പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് **271** രൂപ കൂലി നിരക്കിൽ **527** തൊഴിൽ ദിനങ്ങളാണ് ഉപയോഗപ്പെടുതിയിട്ടുള്ളത്. അത് പ്രകാരം **1,42,817** രൂപ കൂലിയിനത്തിലും, **5** രൂപ പണിയായുധ വാടകയിനത്തിൽ **2635** രൂപയും ഉൾപ്പടെ **145452** രൂപ പ്രസ്തുത പ്രവൃത്തിക്ക് ചെലവായിട്ടുണ്ട്.

നിടുവല്ലൂർ വാർഡിലുള്ള **ഉദയ-ജെഎൽജി**-ക്കാണ് പ്രസ്തുത പ്രവൃത്തി തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത്. പള്ളിപ്പാറത്തു മുനീർ എന്നയാളുടെ പറമ്പിൽ ഗ്രൂപ്പംഗങ്ങൾ വാഴ കൃഷിയാണ് ചെയ്തിട്ടുള്ളത്, വിളവെടുപ്പിനു പാകമായി ക്കൊണ്ടിരിക്കുന്നു. സുഹറയുടെ പറമ്പിൽ കുറച്ചു പച്ചക്കറികൾ വാഴ തുടങ്ങിയവ ചെറിയ രീതിയിൽ കൃഷി ചെയ്തതായി കണ്ടു.

5. **WC/322741 ജെ എൽ ജി ഗ്രൂപ്പിന് കൃഷി പ്രവൃത്തികൾ.**

സെറീന കെ,ബീവിനകത്തു കുഞ്ഞാമിന, മഞ്ചേരിപ്പറമ്പിൽ ഫാത്തിമ എന്നിവരുടെ പറമ്പുകളിലാണ് കൃഷി പ്രവൃത്തികൾ നടന്നിട്ടുള്ളത്.

എം . ബുക്കിലെ അളവുകൾ പ്രകാരം ഈ മൂന്നു പറമ്പുകളിലായി **8177.04** ചതുരശ്ര മീറ്റർ കാട് വെട്ടിതെളിക്കൽ പ്രവൃത്തി നടന്നിട്ടുണ്ട്. ഇതിനായി ഒരു ചതുരശ്ര മീറ്റർ കാട് വെട്ടിതെളിക്കലിനു **2.35** രൂപ നിരക്കിൽ **19,216** രൂപയുടെ പ്രവൃത്തിയും **8182** ചതുരശ്ര മീറ്റർ പറമ്പിൽ **0.10** മീറ്റർ ആഴത്തിൽ കിലച്ചുനല്കിയത് പ്രകാരം ഒരു യൂണിറ്റ് പ്രവൃത്തിക്ക് **169.38** രൂപ നിരക്കിൽ **1,38,570** രൂപയുടെ പ്രവൃത്തിയും ഉൾപ്പടെ **1,57,786** രൂപയുടെ പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് **271** രൂപ കൂലി നിരക്കിൽ **544** തൊഴിൽ ദിനങ്ങളാണ് ഉപയോഗപ്പെടുതിയിട്ടുള്ളത്. അത് പ്രകാരം **1,47,424** രൂപ കൂലിയിനത്തിലും, **5** രൂപ പണിയായുധ വാടകയിനത്തിൽ **2720** രൂപയും ഉൾപ്പടെ **1,50,144** രൂപ പ്രസ്തുത പ്രവൃത്തിക്ക് ചെലവായിട്ടുണ്ട്.

നിടുവല്ലൂർ വാർഡിലുള്ള **ഉദയ-ജെഎൽജി**-ക്കാണ് പ്രസ്തുത പ്രവൃത്തി തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത്. ഗ്രൂപ്പംഗങ്ങൾ വാഴ കൃഷിയാണ് ചെയ്തിട്ടുള്ളത്, വിളവെടുപ്പിനു പാകമായി ക്കൊണ്ടിരിക്കുന്നു. തൊഴിലുറപ്പിൽ ചെയ്ത പ്രവൃത്തിക്ക് പുറമേ കൃഷിയുടെ ഓരോ ഘട്ടത്തിലും അവിടെ അനുബന്ധ പ്രവൃത്തി നടന്നിട്ടുണ്ട്.

ജെ എൽ ജി കൃഷി പ്രവൃത്തികൾ മൂന്നിനുമായി സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് വേണ്ടി യഥാക്രമം **2000,4000,4000** രൂപ എസ്റ്റിമേറ്റ് വകയിരുത്തിയിട്ടുണ്ടെങ്കിലും ബോർഡ് എവിടെയും സ്ഥാപിച്ചിട്ടില്ല.

സ്ഥലം ഉടമകളുടെ വെള്ളക്കടലാസിൽ എഴുതി നൽകിയ സമ്മതപത്രമല്ലാതെ ഉദയ ജെ.എൽ.ജി–യുമായി കരാർ ഉണ്ടാക്കിയതിനും കരാറിന്റെ സ്വഭാവത്തെ ക്കുറിച്ചും വ്യക്തത വരുത്തുന്നതിന് ഫയലിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല.


From.

To


From

To


അനുബന്ധം

കർഷക സഹായ കേന്ദ്രം (എഫ്.എഫ്.സി.)

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്

ജെ.എൽ.ജി. അഫിലിയേഷൻ സർട്ടിഫിക്കറ്റ്

KNR/72/08/02

തീയതി 14.08.2018

...ഉദയ... എന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി.) ഒരു/വിവിധ കുടുംബശ്രീ അയൽക്കൂട്ടത്തിലെ/അയൽക്കൂട്ടങ്ങളിലെ ...5... അംഗങ്ങൾ ചേർന്ന് രൂപീകരിച്ചതാണ്. ആയതിനാൽ ടി ഗ്രൂപ്പിനെ ...ഇരിക്കൂർ... ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസിന്റെ കർഷക സഹായ കേന്ദ്രത്തിൽ (എഫ്.എഫ്.സി.) അംഗമായി ...2018... മുതൽ...2019.... വരെ അഫിലിയേറ്റ് ചെയ്തിരിക്കുന്നു.

അദ്ധ്യക്ഷ (ഒപ്പ്)

അനുബന്ധം

6. DW/322567 ബി പി എൽ സ്ത്രീ കുടുംബനാഥ കുടുംബങ്ങളുടെ ഭൂമിയിൽ കിണർ നിർമാണം.

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പ്രകാരം ജുബൈരിയ എന്ന വ്യക്തിക്കാണ് കിണർ അനുവദിച്ചുട്ടുള്ളത്,ജുബൈരിയയുടെ വീടും

അവരുടെ മാതാപിതാക്കൾ താമസിക്കുന്ന വീടും അടുത്തടുത്തായി സ്ഥിതിചെയ്യുന്നു. ഇവരുടെ വീടിനു തൊട്ടടുത്ത് തന്നെ മാതാപിതാക്കളായ ഫാത്തിമ,മാമു എന്നിവരുടെ പറമ്പിലാണ് കിണർ സ്ഥിതിചെയ്യുന്നത് എന്നാണു മനസിലായത്. BPL കാർഡാണ് ഇവരുടേത്.

കിണർ ഉപയോഗ യോഗ്യമാക്കുന്നതിന് കുറച്ചു പ്രവൃത്തികൾ കൂടി ബാക്കിയുണ്ട്. മഴയ്ക്ക് മുന്നേ പൂർത്തിയാക്കാതതിനാൽ അടിഭാഗം പൊട്ടിതുടങ്ങിയിട്ടുണ്ട്.

മസ്റ്റർ റോള് നമ്പർ 8971 ,8962 പ്രകാരം ജുബൈരിയ ,ഷിബില,മാമു എന്നിവർ 271 കൂലിയും 5 രൂപപണിയായുധ വാടകയും ഉൾപ്പടെ 47 അവിദഗ്ദ്ധ തൊഴിലും, മസ്റ്റർ റോള് നമ്പർ 8972,8973,8974 പ്രകാരം ജനാർദ്ധനൻ, ഗംഗാധരൻ, നാരായണൻ, രാജൻ എന്നിവർ 700 രൂപാ നിരക്കിൽ 60 തൊഴിൽ ദിനവും 850 രൂപാ നിരക്കിൽ 16 തൊഴിൽ ദിനവും ഉൾപ്പടെ ആകെ 68572 രൂപ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

15 മീറ്റർ ആഴത്തിലുള്ള പ്രസ്തുത കിണർ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരവും ,സാങ്കേതിക അനുമതിയിലും 92500.00 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

എം ബുക്കിൽ 30.50 നിരക്കിൽ 676 ചെങ്കല്ലുകൾക്ക് 20618.00 രൂപ അനുവദിച്ചതായി കാണുന്നുണ്ട്. കിണറിന്റെ കല്ല് കെട്ടൽ ഉൾപ്പടെ 89190.00 രൂപയുടെ പണി പൂർത്തിയായതായി മസ്റ്റർ റോളിൽ രേഖപ്പെടുത്തിയെങ്കിലും എം.ബുക്കിലെ മെമോ ഓഫ് പേയ്മെന്റിൽ വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താതെ വെച്ചിരിക്കുന്നു.



വാർഡിലെ പട്ടിക ജാതി കുടുംബങ്ങളുടെ വിവരങ്ങൾ.

വാർഡിൽ വള്ളുവ സമുദായത്തിൽ പെട്ട **7** കുടുംബങ്ങളാണ് ഉള്ളത്

അതിൽ 4 കുടുംബങ്ങൾ തൊഴിലുറപ്പിൽ ജോലിചെയ്തു വരുന്നുണ്ട്.

തൊഴിൽ കാർഡ് നമ്പർ പ്രകാരം മുമ്പ് വാർഡ് 8 ന്റെ ഭാഗമായിരുന്ന പ്രദേശത്തുള്ള 3 കുടുംബങ്ങൾ കൂടി ഉൾപ്പെടുന്നു.(kalyani .p, janardanan,raghavan)



നിർദ്ദേശങ്ങൾ.

- തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് പദ്ധതി വിവരങ്ങൾ അടങ്ങിയ പ്രാദേശിക ഭാഷയിലുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.
- പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റും പ്രവൃത്തി സ്ഥലങ്ങളിൽ ലഭ്യമാക്കണം.
- പദ്ധതി നടപ്പിലാക്കുന്ന സ്ഥലത്തെ കുറിച്ചുള്ള സൂചന പ്രവൃത്തിയുടെ പേരിനൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.
- മാസ്റ്റർ സർക്കുലർ പ്രകാരം നിർദ്ദേശിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.
- തൊഴിലുറപ്പിൽ അനുവടനീയമായതും മുൻഗണന ക്രമത്തിലും പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- തൊഴിൽ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുകയും ആയതിനു കൈപ്പറ്റ് രസീത് നൽകുകയും വേണ്ടതാണ് .

- തൊഴിലാളികൾക്ക് വിതരണം ചെയ്ത പുതിയ തൊഴിൽ കാർഡ് നിർവഹണ ഏജൻസി സാക്ഷ്യപ്പെടുത്തി നൽകേണ്ടാതാണ്.
- ഉദ്യോഗസ്ഥർ രേഖകളിൽ ഒപ്പുവെക്കുമ്പോൾ തീയ്യതി കൂടി രേഖപ്പെടുത്തെണ്ടാതാണ്.
- വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മറ്റി അംഗങ്ങളെ ഓരോ വർഷവും തിരഞ്ഞെടുക്കേണ്ടതാണ്.
- പദ്ധതിയുടെ ശരിയായ രീതിയിലുള്ള നടത്തിപ്പിന് ഇവരുടെ ഇടപെടലുകൾ പ്രവൃത്തി സ്ഥലങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്.
- തൊഴിലുപ്പിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആസ്തികൾ ദീർഘകാല നിലനിൽപ്പിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ തൊഴിലാളികൾക്ക് ഓവർസീയർ മാർ നൽകേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തെണ്ടാതുമാണ്.
- മസ്റ്റർ റോളിൽ പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുന്ന എം.ബുക്കിന്റെ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.
- മസ്റ്റർ റോളിൽ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥർ തീയ്യതി കൂടി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്.
- തൊഴിലിടങ്ങളിൽ പ്രഥമ ശുശ്രൂഷ സംവിധാനങ്ങൾ എന്നിവ ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ :

വിഭാഗം എ-പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ.

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പടെയുള്ള ഭൂഗർഭ ജല വിതാനം ഉയർത്തുന്നതിനാവശ്യമായ അടിയണകൾ,മൺ തടയണകൾ, ചെക്ക് ഡാമുകൾ,തുടങ്ങിയവ
2. നീർത്തടത്തിന്റെ സമഗ്ര പരിപാലനതിനുതകുന്ന കൊണ്ടൂർ ബണ്ടുകൾ,ഭൂമി തട്ടുതിരിക്കൽ,ഗ്യാബിയോൻ നിര്മ്മിതികൾ

വിഭാഗം ബി-ഖണ്ഡിക അഞ്ചിൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ജീവനോപാധി മെച്ചപ്പെടുത്തുവാനുള്ള പ്രവൃത്തികൾ. (ബി പി എൽ ,പട്ടിക ജാതി,പട്ടികവർഗ്ഗം,വിധവകൾ,ഭിന്നശേഷിക്കാർ ,ഐ എ വൈ ഗുണഭോക്താക്കൾ.)

1. ഇവരുടെ ഭൂമിയിൽ ഉൽപ്പാദന ക്ഷമത വര്ദ്ധിപ്പിക്കുന്നതിനാവശ്യമായ ഭൂവികസനവും ,കുളം ,കിണർ തുടങ്ങിയ ജല ലഭ്യതയ്ക്ക് ആവശ്യമായ പ്രവൃത്തികൾ.

2. പഴവർഗ്ഗങ്ങൾ,പട്ടുനൂൽ,തോട്ടവിളകൾ തുടങ്ങിയവയുടെ കൃഷിപ്രവൃതികൾ.
3. മൃഗ പരിപാലനവുമായി ബന്ധപ്പെട്ടു കന്നുകാലി തൊഴുത്തുകൾ,ആട്ടിങ്കൂട് ,കോഴിക്കൂട്,പന്നിക്കൂട് തുടങ്ങിയ വ്യക്തിഗത ആസ്ഥികൾ.
4. സർക്കാർ ഭവന നിർമാണ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾക്ക് അവിദഗ്ദ്ധ കായിക തൊഴിൽ.
5. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു അടിസ്ഥാന സൌകര്യങ്ങളായ മൽസ്യം ഉണക്കു കേന്ദ്രങ്ങൾ,സൂക്ഷിപ്പ് കേന്ദ്രങ്ങൾ മല്സ്യക്രുഷിക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ എന്നിവ.

വിഭാഗം സി- ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൌകര്യ വികസനം.

1. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്കാവശ്യമായ വർക്ക് ഷെഡ് നിർമാണം.
2. കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം.
3. ജൈവ വള നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ.

വിഭാഗം ഡി-ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പ്രവൃത്തികൾ.

1. മാലിന്യ സംസ്കരണ സംവിധാനങ്ങൾ.
2. അങ്ങനവാടി സ്കൂൾ തുടങ്ങിയവയ്ക്ക് കക്കൂസ് നിർമ്മാണം.
3. ഒറ്റപ്പെട്ടു കിടക്കുന്ന ഗ്രാമങ്ങളെയും,ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡുകളുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകൾ, ഓടകൾ, കല്ലുങ്കുകൾ,നടപ്പാതകൾ .
4. പൊതു കളിസ്ഥലങ്ങൾ
5. വെള്ളപ്പൊക്കം,വരൾച്ചാ നിയന്ത്രണ പ്രവൃത്തികൾ.
6. ഗ്രാമ പഞ്ചായത്തുകൾ,വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, ഗ്രാമീണ ചന്തകൾ,അങ്കണവാടികൾ, പ്രകൃതി ക്ഷോഭ ബാധിതർക്കുള്ള അഭയ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് കെട്ടിട നിർമ്മാണം.
7. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം.
8. തൊഴിലുറപ്പ്പ്പകാരം സൃഷ്ട്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയവ.

വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകൾ.

മേറ്റ്

- പ്രവൃത്തിയുടെ മേൽനോട്ടം.
- തൊഴിൽ കാർഡിൽ ആവശ്യമുള്ള വിവരങ്ങൾ രേഖപ്പെടുത്തുക.
- മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഹാജർ ഉറപ്പു വരുത്തുക.
- മേറ്റ്മാരുടെ പരിശീലനങ്ങളിൽ പങ്കെടുക്കുക. അറിവുകൾ തൊഴിലാളികളുമായി പങ്കുവെക്കുക.

ഓവർസീയർ /എഞ്ചിനീയർ

- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ.
- പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികൾക്ക് പറഞ്ഞു കൊടുക്കുക.
- പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി കൂലിനൽകുന്നതി നാവശ്യമായ നടപടികൾ ചെയ്യുക.

പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന്റ് സെക്രട്ടറി

- പദ്ധതിയുടെ മേൽനോട്ടം.
- ബില്ലുകൾ അംഗീകരിക്കൽ.
- തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടിൽ എത്തിയെന്നത് ഉറപ്പു വരുത്തൽ.
- മസ്റ്റർ റോള് സാക്ഷ്യപ്പെടുത്തി തൊഴിൽ അനുമതി നൽകുക, തുടങ്ങിയവ ...

തൊഴിലാളികളുടെ കടമകൾ.

- തൊഴിലിടങ്ങളിൽ സമയകൃത്യത പാലിക്കുക.
- പ്രോജക്റ്റ് മീറ്റിംഗ്, തൊഴിലുറപ്പ് ഗ്രാമസഭകൾ,സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എന്നിവയിൽ പങ്കെടുക്കുക.
- ഏൽപ്പിക്കുന്ന ജോലികൾ കൃത്യതയോടെ പൂർത്തീകരിക്കുക.
- ദിവസവും തൊഴിൽ ആരംഭിക്കുന്നതിനു മുമ്പും ശേഷവും മസ്റ്റർ റോളിൽ ഒപ്പുകൾ രേഖപ്പെടുത്തുക,തുടങ്ങിയവ...

JOB CARD DETAILS 2018-19

	No. of Registered		No. of Jobcard included in current YR		Cumulative No. of HH issued jobcards	
	Household	Persons	Household	Persons	SCs	STs
kannur DT	213725	319040	10054	16068	7602	9178
irikkur block	27203	45812	1266	2372	520	1421
irikkur GP	1165	1719	48	97	9	2

WORK DETAILS 2018-19

	Employment Provided			No. of Families Completed 100 days	No. of HH which are beneficiary of land reform/IAY
	Household	Persons	Persondays		
kannur DT	81144	89534	4537690	20464	905
irikkur block	11876	13363	595206	1690	79
irikkur GP	494	560	30522	217	8
Ward 8	163	176	4675	20	

സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ടിന്മേലുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഗ്രാമസഭയിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

- തൊഴിൽ കാർഡിനുള്ള ഫോട്ടോയ്ക്ക് പണം ചെലവാക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ബിൽ പഞ്ചായത്തിനു നൽകി പണം തിരികെ ലഭ്യമാക്കുക.
- തൊഴിൽ കാർഡ് തൊഴിലാളികളുടെ കൈവശം തന്നെ സൂക്ഷിക്കുക.
- തൊഴിൽ അപേക്ഷകൾ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസിൽ നൽകി കൈപ്പറ്റു രസീറ്റ് നൽകുക.
- തൊഴിൽ ആവശ്യമുള്ള തീയ്യതികളിലേക്ക് മാത്രം അപേക്ഷ നൽകുക.
- തൊഴിൽ അപേക്ഷകൾ നൽകുന്ന മുറയ്ക്ക് കൃത്യമായി പണി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
- പ്രവൃത്തികൾ കണ്ടെത്തുന്നതിൽ തൊഴിലാളികൾ, വാർഡ് മെമ്പർ നാട്ടുകാർ ഉൾപ്പടെ ഉള്ളവരുടെ നല്ല ഇടപെടലുകൾ ഉണ്ടാക്കുക.
- ജോലി സ്ഥലങ്ങളിൽ ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുക.
- തൊഴിലുറപ്പ് പദ്ധതി നിർവഹണ ആവശ്യങ്ങൾക്ക് തൊഴിലാളികൾ ഒരു രൂപ പോലും മുടക്കരുത്.

- വിജിലൻസ് ഏൻഡ് മോണിട്ടറിംഗ് കമ്മറ്റി അംഗങ്ങൾ പദ്ധതികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ തൊഴിലാളികൾക്കും പഞ്ചായത്തിനും നൽകുക.
- വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരമുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കുക.
- പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശവും വാർഡും പ്രവൃത്തിയുടെ പേരിൽ ഉൾപ്പെടുത്തുക.
- മസ്റ്റർ റോളുകളിൽ അബദ്ധത്തിൽ വന്നുപോകുന്ന തിരുത്തലുകൾക്ക് മതിയായ കാരണങ്ങൾ കാണിച്ചു അപേക്ഷ നൽകുകയും പ്രസ്തുത അപേക്ഷയുടെ കോപ്പി ഫയലിൽ സൂക്ഷിക്കുക.
- രജിസ്റ്ററുകൾ കാലാനുസൃതമായി പുതുക്കുക.
- പദ്ധതി ആരംഭ മീറ്റിംഗ് നടത്തുക.
- ഓരോ പ്രദേശത്തിനും കാലാവസ്ഥയ്ക്കും യോജിച്ചതും തൊഴിലുറപ്പിൽ അനുവദനീയമായ പ്രവൃത്തികളും നടപ്പിലാക്കുക.

അധ്യക്ഷ :

ബ്ലോക്ക് റിസോഴ്സ് പേഴ്സൺ(സോഷ്യൽ ഓഡിറ്റ്) :

ജില്ലാ റിസോഴ്സ് പേഴ്സൺ(സോഷ്യൽ ഓഡിറ്റ്) :